## വിവാഹം



**എ**റണാകുളം അയ്യപ്പൻകാവ് മണ്ടേക്കരറോഡ് ചെറുവത്തുർ വീട്ടിൽ ശ്രീ സി.കെ. ജോബിന്റെയും ശ്രീമതി സിനി ജോബിന്റെയും മകൾ **ജിസ്നയും**, വടുതല ഗ്രീൻഗാർഡൻസ് അയ്യംകുളങ്ങര വീട്ടിൽ ശ്രീ എ.ഐ. സോളമന്റെയും ശ്രീമതി സോണി സോളമന്റെയും മകൻ **അജിത്തും** തമ്മിലുള്ള വിവാഹം 09.07.2017ൽ എളംകുളം സെന്റ് മേരീസ് സൂനോറോ കത്തീഡ്രലിൽ നടന്നു.



**പ**ടമുകൾ കല്ലോട്ട് ശ്രീ. മാമ്മൻ കോശിയുടെയും, ശ്രീമതി എലിസബത്ത് മാമ്മന്റെയും മകൻ **മിത്തു മാമ്മൻ കോശിയും** ഗുരുവായൂർ നൈവേദ്യയിൽ ശ്രീ. പി. വേണുഗോപാലിന്റെയും, ശ്രീമതി അനിത വേണുഗോപാലിന്റെയും മകൾ **വിദ്യയും** (മറിയം) തമ്മിലുള്ള വിവാഹം 05.06.2017ൽ എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.



**എ**റണാകുളം അയ്യപ്പൻകാവ് തോലത്ത് വീട്ടിൽ ശ്രീ. ടി.പി. വിത്സന്റെയും ശ്രീമതി അനിത വിത്സന്റെയും മകൾ **വിൽന ടി. വിത്സനും** മുളന്തുരുത്തി കാരിക്കോട് വെട്ടോലിൽ വീട്ടിൽ പരേതനായ ശ്രീ ജോസഫ് ഫിലിപ്പിന്റെയും ശ്രീമതി തങ്കമ്മ ജോസഫിന്റെയും മകൻ **ലിജോ ടി. ജോസും** തമ്മിലുള്ള വിവാഹം മുളന്തുരുത്തി സെന്റ് തോമസ് ഓർത്തഡോക്സ് കതോലിക്കേറ്റ് സെന്ററിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## മാമോദീസ

**എ**റണാകുളം കച്ചേരിപ്പടി കട്ടിക്കാരൻ ടവേഴ്സിൽ മല്ലേൽ ഡോ. റോജി ലൂക്കിന്റെയും ഡോ. ധന്യ വിത്സന്റെയും മകൾ **എലിസബത്ത്** 01.07.2017ൽ കത്തീഡ്രലിൽ മാമോദീസ സ്വീകരിച്ചു.

**എ**റണാകുളം S.R.M. റോഡ് ചീരൻ വീട്ടിൽ (Tabur) ശ്രീ. ജോയ് സി. തമ്പിയുടെയും ശ്രീമതി ഹെന്ന ജോയിയുടെയും മകൾ **എലിസബത്ത്** (Feba) 30.07.2017ൽ കത്തീഡ്രലിൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലുകൾക്ക് ദൈവകൃപ ആശംസിക്കുന്നു.*



**ന**മ്മുടെ ഇടവകാംഗം ശ്രീ. എ.കെ. ഗീവർഗീസിന്റെ ഭാര്യയും, എറണാകുളം മഹാരാജാസ് കോളേജ്, ചരിത്രവിഭാഗം മുൻ മേധാവിയുമായിരുന്ന റിട്ട. **പ്രൊഫ. മറിയം ജോർജ്ജിന്** 'Role of Social Organizations in the Unification of Kerala' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഗവേഷണ പ്രബന്ധത്തിന് കേരളയൂണിവേഴ്സിറ്റിയിൽ നിന്നും Ph.D ബിരുദം ലഭിച്ചു.

## പ്രാർത്ഥനാ യോഗങ്ങൾ

| St. George Unit (Kaloor Area) 06-08-2017 - 4 pm | St. Marys Unit (Central Area) 13-08-2017 - 4 pm | St. Thomas Unit (North-Pachalam Area) 20-08-2017 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 27-08-2017-4 pm |
|---|---|---|---|
| ശ്രീ. **പെറ്റ്സൺ പീറ്റർ സി.** | ശ്രീ. **ജെയ്ക്കബ്ബ് കെ.യു.** | ശ്രീ. **ചിന്നൻ സി.ഐ.** | ശ്രീ. **ചാക്കോ ടി.ജെ** |
| ചെമ്മണ്ണൂർ ഹൗസ്, NJRA 32 | കിഴക്കേയറ്റത്ത്, | ചെറുവത്തൂർ ഹൗസ്, | പൂവത്തൂർ തൈവടയിൽ, |
| പുത്തൻപുരയ്ക്കൽ റോഡ്, | കാരക്കാമുറി ക്രോസ് റോഡ്, | തിലക് ക്ലബ്ബ് റോഡ് | സൗത്ത് ബ്രിഡ്ജ് അവന്യൂ, |
| പാലാരിവട്ടം | കൊച്ചി | അയ്യപ്പൻകാവ് | പനമ്പള്ളി നഗർ |
| Ph: 2346078, Mob: 9846187320 | Ph: 2352720 | Ph: 2392077, Mob: 9400334041 | Ph: 2317181, Mob: 9495079520 |




Editorial Board : K.K. George (94470 40484), Mathew Koshy, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 08 AUGUST 2017

### എഡിറ്റോറിയൽ

## ഭയമെന്തിന്

**ഞാ**ൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും. (സങ്കീ. 56:3) 'യഹോവ എന്റെ പക്ഷത്തുണ്ട്. ഞാൻ പേടിക്കയില്ല. മനുഷ്യൻ എന്നോട് എന്ത് ചെയ്യും' (സങ്കീ. 112:6). ഭയപ്പെടുന്നവർക്ക് ആശ്വാസമായി ബൈബിളിൽ പലയിടത്തും വാക്യങ്ങൾ കാണുന്നുണ്ട്. അവയിൽ നമുക്ക് ഏറ്റവും പ്രധാനമായി ഉപയോഗിക്കാവുന്ന പത്ത് വാക്യങ്ങൾ ഇവയാണ്. എബ്രാ. 13:6, ആവ. 5:5, റോമർ 8:15, സദൃ. 23: 23,24, യശ 12:2, മത്താ. 10: 29–31, യശ. 8:11, 12, മത്താ. 14:27, ഈ വാക്യങ്ങൾ കാണിക്കുന്നത് ഒരു ദൈവ വിശ്വാസിക്ക് ഭയത്തിന്റെ ആവശ്യമില്ലെന്നുള്ളതാണ്. മറ്റൊരുവന് നമ്മോട് ചെയ്യാവുന്ന ഏറ്റവും വലിയ ദ്രോഹം നമ്മെ ഭയപ്പെടുത്തുക എന്നതാണ്. പലപ്പോഴും ഭയപ്പെടുമ്പോൾ നാം ചെയ്യുന്ന കാര്യങ്ങൾ നമുക്ക് തന്നെ നിശ്ചയിക്കുവാൻ കഴിയാത്തതാകും. ദൈവത്തിൽ ആശ്രയിച്ചാൽ മനുഷ്യർക്കോ, ഭയപ്പെടുത്തുന്ന മറ്റ് ശക്തികൾക്കോ നമ്മോട് അടുക്കാൻ സാധിക്കയില്ലെന്നുള്ളത് നമുക്കറിയാം. പക്ഷെ പലപ്പോഴും പെട്ടെന്ന് ഭയപ്പെടുമ്പോൾ ഇതൊന്നും നാം ഓർക്കാറില്ല.

കാട്ടിൽ കൂടിയുള്ള പാതയിൽ കാറിൽ സഞ്ചരിക്കുമ്പോൾ ഒരു കാട്ടാന പെട്ടെന്നു നമുക്കെതിരായി വന്നുപെട്ടെന്നിരിക്കട്ടെ. കാർ നിർത്തി കാറിൽ തന്നെയിരുന്നുകൊണ്ട് ദൈവത്തോട് അപേക്ഷിക്കുവാനുള്ള മനസാന്നിദ്ധ്യമാണ് നമുക്കുണ്ടാകേണ്ടത്. പക്ഷെ പലപ്പോഴും നാം പേടിച്ച് അലറുകയായിരിക്കും ചെയ്യുക. നമുക്ക് മനസാന്നിദ്ധ്യത്തോടെ ദൈവത്തോട് പ്രാർത്ഥിക്കാൻ സാധിച്ചാൽ ഏതു കാട്ടാനയും ഒഴിഞ്ഞു പൊയ്ക്കൊള്ളുമെന്നുള്ള വിശ്വാസം നമുക്കുണ്ടാകുമോ?

ദാവീദ് തനിക്ക് ജീവഹാനി സംഭവിക്കുമെന്ന് ഭയപ്പെട്ടിരുന്നപ്പോഴാണ് 56-ാം സങ്കീർത്തനം എഴുതിയതെന്ന് വിശ്വസിക്കപ്പെടുന്നു. ഭയത്തോടെയുള്ള അവസ്ഥയിലാണ് സങ്കീർത്തനം ആരംഭിക്കുന്നതെങ്കിലും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്താൽ ഭയത്തേക്കുറിച്ച് ആശങ്കപ്പെടാതെ ധൈര്യവാനായി ദൈവത്തിലാശ്രയിച്ചുകൊണ്ടാണ് 56-ാം സങ്കീർത്തനം അവസാനിപ്പിച്ചിരിക്കുന്നത്. 'മനുഷ്യൻ എന്നെ വിഴുങ്ങുവാൻ പോകുന്നു.' (സങ്കീ. 56:1) എന്ന് തുടങ്ങുന്ന സങ്കീർത്തനം അവസാനിക്കുന്നത് ഇങ്ങിനെയാണ്. 'ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല മനുഷ്യന് എന്നോട് എന്ത് ചെയ്യുവാൻ കഴിയും' (സങ്കീ. 56:11) അതായത് ദൈവത്തിലുള്ള പൂർണ്ണ ആശ്രയത്തിലേക്ക് വരുന്നു.

ഭയം പല രോഗങ്ങൾക്ക് കാരണമാകുമെന്ന് ആധുനിക വൈദ്യശാസ്ത്രം വിശ്വസിക്കുന്നുണ്ട്. ഇത് മറികടക്കാൻ മനുഷ്യ നിർമ്മിതമായ മരുന്നുകൾക്കൊന്നും സാധിക്കയില്ലെന്നുള്ളതും പ്രസ്ഥാവ്യമാണ്. ഇതിനായി ദൈവവിശ്വാസികൾക്ക് മാത്രമുള്ള ഏറ്റവും പ്രയോജനപ്രദമായ മരുന്നാണ് മനസ്സ് ഏകാഗ്രമാക്കിയുള്ള പ്രാർത്ഥന. പിശാചിന്റെ രൂപത്തിൽ 'ഭയം' വാതിലിൽ വന്ന് മുട്ടുമ്പോൾ

*(ശേഷം 2-ാം പേജിൽ)*

### ഇടയ ലേഖനം

## മൗനത്തിന്റെ മാഹാത്മ്യം

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



"**മൗ**നമായിരിക്കുമ്പോൾ നിങ്ങൾ എന്തുചെയ്യുന്നു?" എന്നത് ഒരു മണ്ടൻ ചോദ്യമായിത്തോന്നാം. എന്നാൽ അതുണർത്തിവിടുന്ന ചിന്തകൾ "ചിന്തനീയ"മാണ്. മൗനമായിരിക്കുമ്പോൾ മറ്റെന്തുചെയ്യാൻ? മൗനത്തോടു പൊതുവെ വിരക്തിയും, അതിന്റെ ഗുണാനുഭവങ്ങളെപ്പറ്റി സന്ദേഹവുമുള്ള ഇക്കാലത്ത് ഈ ചോദ്യം പ്രസക്തവുമാണ്.

സുഹൃത്തുക്കൾ സമീപത്തില്ലാത്തപ്പോഴും, 'സെൽഫോൺ' അരികിലില്ലാത്തപ്പോഴും നമ്മൾ മൗനത്തിലാണെന്നു കരുതിയേക്കാം. എങ്കിലും നമ്മുടെ മനസ്സും ഭാവനയും സജീവവും പ്രവർത്തന നിരതവുമായിരിക്കും. പിന്നെ എന്തു മൗനം. മനസ്സിൽ ഒരു തരം "ശൂന്യത" ഉണ്ടാകാതെ മൗനം വ്യർത്ഥമാണ് എന്നത് പുരാതനമായ ഒരു അറിവാണ്. ഓർത്തഡോക്സ് ആത്മീക പാരമ്പര്യത്തിലെ Hesychia എന്ന 'നിശ്ചലാവസ്ഥ', ധ്യാനത്തിന്റെ ഭൂമികയായിട്ടാണ് വ്യവഹരിക്കപ്പെടുന്നത്. ഭാരതീയ ചിന്താസരണിയിലും "ചിത്തവൃത്തി നിരോധ" എന്ന ആശയം നിലവിലുണ്ട്. സാമാന്യമായി മനുഷ്യ മനസ്സിൽമാറി മാറി വരുന്ന ചിന്തകളുടേയും, അവ സൃഷ്ടിക്കുന്ന ചിത്രങ്ങളുടെയും രൂപങ്ങളുടെയും തൈരന്ത്യര്യം സഹജമാണ്. അവയുടെ ആധിക്യം മാത്രമല്ല, സാന്നിധ്യം തന്നെ നിയന്ത്രിച്ച്, പുറത്താക്കുന്ന യജ്ഞം ലളിതമല്ല. ഒരു നിമിഷ നേരത്തേക്ക് ചിത്തവൃത്തി നിരോധിച്ചാൽ, അടുത്ത നിമിഷം, വർദ്ധമാന ഉത്സാഹത്തോടെ അവയുടെ പുനരവതാരമുണ്ടാകും.

പിന്നെ എങ്ങനെയാണ് മൗനമുണ്ടാകുക?

മൗനം കേവലം ശൂന്യതയല്ല സഹജചിന്തകൾ ക്രമേണ നീക്കപ്പെടുന്നിടത്ത് മറ്റൊരു ജ്ഞാനോദയം അനിവാര്യമാണ്. ഇരുൾ വിടപറയുമ്പോൾ വെളിച്ചം വന്നേ തീരൂ. ഇത്തരമൊരു മനനശകലം 62-ാം സങ്കീർത്തനത്തിന്റെ തുടക്കത്തിൽ കാണുന്നു.

"എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു"

Hesychia എന്ന മനസ്സിന്റെ 'ശൂന്യാ'വസ്ഥയിൽ, കേവലം 'ഇല്ലായ്മ'യല്ല. അവിടെ മൗനമായിരിക്കുന്ന മനസ്സ്, എന്തിനെയൊക്കെയോ പുറത്താക്കി വാതിലടച്ചെന്ന് തോന്നുന്നു. പക്ഷെ ചിന്തകൾക്കും ഭാവനയ്ക്കും കടന്നു വരാൻ "വാതിൽ" ആവശ്യമില്ല എന്നതാണ് പരമാർത്ഥം. ഇവിടെ ബുദ്ധിമുട്ടി, ഒരനുഷ്ഠാനമായി, വർജ്ജനമായി ശീലിക്കുന്ന മൗനത്തിൽ മറ്റൊരാൾ കുടിയേറിയിട്ടുണ്ട്. ഈശ്വരൻ ശൂന്യതയ്ക്കുമപ്പുറത്തുള്ള ശാന്തതയിലാണ് ഈശ്വര സാന്നിദ്ധ്യം പ്രകടമാവുക. ധ്യാനം നടത്തി മൗനം ഭജിക്കുന്നയാൾ കണ്ണുംനട്ടിരിക്കുന്നത് ദൈവത്തിലാണ്. ഉൾക്കണ്ണിനെപ്പറ്റിയാണ് ഈ പരാമർശനം. തുടർച്ചയായി, തന്റെ ഭൗതിക കണ്ണുകൾക്ക് അപ്രാപ്യനായ ദൈവത്തെ ഉൾക്കണ്ണുകൊണ്ട് തേടുന്ന രംഗത്ത്, കേവലം മൗനത്തിനപ്പുറമുള്ള ഒരു സ്ഥിതി ഉണ്ടായേ തീരൂ.

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# വ്രതം അനുഷ്ഠിക്കുമ്പോൾ

**ഫാ. ബിജു എബി മാത്യൂസ്**

വി. ദൈവമാതാവിന്റെ പ്രത്യേക മദ്ധ്യസ്ഥതയ്ക്കായുള്ള ഒരു കാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ആയതിന് നാം സ്വീകരിക്കുന്ന മാർഗ്ഗം നോമ്പ്. നോമ്പുകാലം ഒരു നടപ്പാതയാണ്. വെളിച്ചത്തിലേക്കുള്ള നടപ്പാത. ത്യാഗങ്ങളുടെ നോവുകളെ ജീവിതത്തോട് ചേർത്തുവച്ച ഒരമ്മയുടെ മദ്ധ്യസ്ഥതയ്ക്കായുള്ള നോമ്പുകാലം ഓരോ വ്യക്തിക്കും തന്നെതന്നെ ഇടിച്ചുപൊട്ടിക്കാനും, തുടച്ചുമിനുക്കാനുമുള്ള അവസരം.

മനുഷ്യനെ ഈശ്വരപഥത്തിലേക്കുയർത്തുവാൻ പലതരം സാധനകൾ ആദ്ധ്യാത്മിക ഗുരുക്കന്മാർ വിധിച്ചിട്ടുണ്ട്. ലക്ഷ്യം നേടുന്നതിനുള്ള ചിട്ടയായ അഭ്യാസങ്ങളാണ് ഓരോ സാധനയും. ഇവയിൽ പ്രധാനപ്പെട്ടതാണ് 'നോമ്പ്' അല്ലെങ്കിൽ വ്രതങ്ങൾ. നിശ്ചിത പരിധിയിൽ ചില നല്ല കാര്യങ്ങൾ ചിന്തിക്കുകയും നല്ലതുപറയുകയും, നല്ലതുപ്രവർത്തിക്കുകയും ചെയ്യും എന്ന ദൃഢ നിശ്ചയമാവണം വ്രതങ്ങൾ. ചിന്ത നന്നാകുമ്പോൾ കർമ്മങ്ങൾ ശ്രേഷ്ഠമാകും. അത് പൂർണ്ണമനസ്സോടെ നിവർത്തിക്കുമ്പോൾ ദൈവം പ്രസാദിക്കും.

സ്വയം നിയന്ത്രണമാണ് വ്രതത്തിന്റെ ഏറ്റവും വലിയ പാഠം ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കുവാനുള്ള പരിശീലനം നിയന്ത്രിച്ച് നിയന്ത്രിച്ച് ഒരു കാലഘട്ടം വ്രതങ്ങൾ അനുഷ്ഠിക്കുമ്പോൾ അവസാനം ഒരു പുതിയ മനുഷ്യൻ ജന്മമെടുക്കുന്നു. അതാണ് വ്രതത്തിന്റെ ശക്തി. ജനങ്ങൾ ധർമ്മനിഷ്ഠയിൽ ജീവിക്കുവാനാണ് വ്രതങ്ങൾ. വ്രതംമൂലം മനുഷ്യൻ കൂടുതൽ സൂക്ഷ്മതയോടുകൂടി കർമ്മ നിഷ്ഠയുള്ളവനായി തീരുന്നു. മനുഷ്യന് സ്വയം നന്നാകുവാനുള്ള ഒരു പരിശീലനമാണ് ഈ വ്രതാനുഷ്ഠാനം.



നാം ജീവിക്കുന്നത് ഒരു യുദ്ധ രംഗത്താണ്. നമ്മെ ഉപദ്രവിക്കാനായി ഒരുപാട് ശക്തികൾ ചുറ്റിലുമുണ്ട്. നമ്മുടെ ശരീരം തന്നെയാണ് അതിൽ ഒന്നാമത്. പിന്നീട് സാത്താന്യ ശക്തികൾ, തെറ്റായ കൂട്ടുകെട്ടുകൾ, ലൗകീക വസ്തുക്കൾ എന്നിവയെല്ലാം അതിൽപെടും. എല്ലാം നമ്മെ വഴിതെറ്റിക്കാൻ സാദ്ധ്യതയുള്ളതാണ്. അതിന്റെയെല്ലാം വെട്ടും കുത്തും ഏൽക്കാതിരിക്കാനാണ് വ്രതം എന്ന പരിച നമുക്ക് തന്നിരിക്കുന്നത്. തെറ്റായ പ്രവർത്തനങ്ങൾ നമ്മിൽ നിന്നും ഉണ്ടാകാതെ ഇരിക്കാനും വ്രതം നമ്മെ പാകപ്പെടുത്തുകയാണ്.

നോമ്പ് അനുഷ്ഠിക്കുമ്പോൾ ആത്മാവ് ശുദ്ധീകരിക്കപ്പെടും, സദ്ചിന്തകളാൽ ഉള്ളം നിറയും. അത് ശാന്തിയും സമാധാനവുമായി സ്വന്തം സത്തയിലേക്കും മറ്റുള്ളവരിലേക്കും ഒഴുകും. ഐശ്വര്യത്തിന്റെ വാതിൽ തുറക്കപ്പെടും. അത് അറിവിന്റെ വെളിച്ചമായി തെളിയും. അറിവ് ഉണ്ടാകുമ്പോൾ അനാവശ്യമായ താപവും കോപവും അസ്തമിക്കും. സ്പർദയുടേയും വെറുപ്പിന്റെയും കാർമേഘങ്ങൾ മറയും.

എന്നാൽ ഇന്ന് യഥാർത്ഥമായ നോമ്പനുഷ്ഠാനങ്ങൾ (വ്രതാനുഷ്ഠാനങ്ങൾ) മനുഷ്യരുടെ ഇടയിൽ കുറയുന്നു. ആയതിന്റെ തെളിവാണല്ലോ മനുഷ്യസമൂഹത്തിൽ കണ്ടുവരുന്ന അസ്വസ്ഥതകൾ. ശരിയായ വഴികളെ തിരിച്ചറിയാൻ കഴിയുന്നു എന്നു വരികിലെ നന്മയുടെ നാളുകളെ സൃഷ്ടിക്കാൻ സാധ്യമാകു. അതിനുള്ള വെളിച്ചം നമ്മിൽ നിറയട്ടെ. ■

## ഈ മാസത്തെ പ്രത്യേക പരിപാടികൾ

- ✦ ആഗസ്റ്റ് 12 ശനിയാഴ്ച ഇടവക ധ്യാനം രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 12.30 വരെ നടത്തപ്പെടുന്നതാണ്. വെട്ടിക്കൽ ദയറാ മാനേജർ ഫാ. വിനോദ് ജോർജ്ജ് ധ്യാനം നയിക്കും. ഉച്ചഭക്ഷണത്തോടെ ധ്യാനം അവസാനിക്കുന്നതാണ്.
- ✦ ഭദ്രാസന മെത്രാപ്പോലീത്തയുടെ ഇടവക സന്ദർശനം ആഗസ്റ്റ് 12 ശനിയാഴ്ച സന്ധ്യാനമസ്ക്കാരത്തോടെ ആരംഭിച്ച് 13-ാം തീയതി ഞായറാഴ്ച വൈകിട്ടോടെ സമാപിക്കുന്നതാണ്. തിരുമനസ്സുകൊണ്ട് കത്തീഡ്രലിൽ ഒന്നാമത്തെ കുർബ്ബാന അർപ്പിക്കുന്നതും 11 മണിയോടെ ആധ്യാത്മിക സംഘടനകളുടെ മീറ്റിംഗിൽ പങ്കെടുക്കുന്നതുമാണ്.
- ✦ സൺഡേ സ്കൂൾ സഹപാഠി മത്സരം 13 ഞായറാഴ്ച നടത്തപ്പെടുന്നതാണ്.

*(എഡിറ്റോറിയൽ തുടർച്ച)*

ദൈവ വിശ്വാസത്തോടെ ധൈര്യമായി വാതിൽ തുറന്നാൽ ഭയം ഓടി ഒളിക്കുമെന്ന് കാണാം. മനുഷ്യനെ ഭയപ്പെടുത്തുന്ന പിശാചുകൾക്ക് ദൈവം, കുരിശ് എന്നിവയെ പേടിയാണെന്നുള്ളത് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണല്ലോ. ■



**Seba Anne Simon** പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ ലഭിച്ചതിന്, സഭയുടെ മെറിറ്റ് ഈവനിംഗിൽ പ. കാതോലിക്ക ബാവാ തിരുമേനിയുടെ കയ്യിൽ നിന്നും അവാർഡ് ഏറ്റുവാങ്ങുന്നു. Seba, ഫാ. സൈമൺ ജോസഫിന്റെയും ശ്രീമതി ഷൈനി സൈമണിന്റെയും പുത്രിയാണ്.

*(ഇടയലേഖനം തുടർച്ച)*

ആ 'നോട്ടം' നൽകാവുന്ന ദർശനം ശക്തവും ശാന്തവുമാണ്. അവിടെ സംഭാഷണമില്ല, അപേക്ഷയില്ല, അഭയയാചനയില്ല, അലൗകികമായ സംസർഗ്ഗം മാത്രം!

അവിടെ "ദ്വൈത"ഭാവങ്ങൾ ചിറകടിച്ച് ദൂരെപ്പോകുകയുമാകും. ഈ മൗനത്തിനെന്തൊരു മൗനം!

ശബ്ദബാഹുല്യത്തിന്റെ ലോകത്ത്, ഉള്ളിലും പുറത്തും ശബ്ദം മാത്രമായി തരളിതമായ മാനവഹൃദയത്തിന്റെ ശാന്തിയും, സൗഖ്യവും, നിർമ്മമതയും കനിഞ്ഞരുളാൻ മൗനവും ധ്യാനവും യഥാർത്ഥ ഔഷധമാണ്! ■



PARISH NEWS

## ആർദ്രത റിലീഫ് സെന്റർ





ആർദ്രതാ റിലീഫ് സെന്റർ മാസംതോറും ക്യാൻസർ വാർഡിൽ സംഭാവനചെയ്യാറുള്ള മരുന്നുകൾ ജൂൺ - ജൂലൈ മാസങ്ങളിലേത് എറണാകുളം ജനറലാശുപത്രിയിലെ സൂപ്രണ്ടിന് ജിജു വർഗ്ഗീസച്ചനും, ആർ.എം.ഒ. യ്ക്ക് ബിജു എബി മാത്യൂസച്ചനും കൈമാറുന്നു.

## സംയുക്ത പ്രാർത്ഥനയോഗം







അഞ്ചാമത്തെ ഞായറാഴ്ച്ചതോറും കത്തീഡ്രലിൽ നടത്താറുള്ള സംയുക്ത പ്രാർത്ഥനാ യോഗം ജൂലൈ 30-ാം തീയതി ഞായറാഴ്ച നടത്തുകയുണ്ടായി. ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന ഡോ. കെ.എം. ജോർജ്ജ് അച്ചനായിരുന്നു പ്രാർത്ഥനാ യോഗത്തിലെ പ്രധാന പ്രാസംഗികൻ. 4 മണിക്കാരംഭിച്ച യോഗത്തിൽ വികാരി ജിജു വർഗ്ഗീസച്ചൻ സ്വാഗതവും, ബിജു എബി മാത്യു അച്ചൻ നന്ദിയും പറഞ്ഞു.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഇടവകയിലെ അംഗങ്ങൾ ഈ പ്രസിദ്ധീകരണം ഭംഗിയാക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലേഖനങ്ങൾ, പള്ളിയെക്കുറിച്ചുള്ള ഓർമ്മകുറിപ്പുകൾ, സഭയെപ്പറ്റി ആരുടേയും ശ്രദ്ധയിൽപെട്ടിട്ടില്ലാത്ത എന്നാൽ ഗൗരവമർഹിക്കുന്ന സംഭവങ്ങൾ, നിങ്ങളുടെ കുടുംബങ്ങളിലെ പ്രത്യേക വിശേഷങ്ങൾ (ഉദ: ജനനം, വിവാഹം, വിവാഹഫോട്ടോകൾ, മരണം, മറ്റുപ്രധാന സംഭവങ്ങൾ) ഇടവക അംഗങ്ങൾ അറിഞ്ഞിരിക്കേണ്ട മറ്റു വിഷയങ്ങൾ എന്നിവ പത്രാധിപ സമിതിയെ യഥാസമയം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

## സ്നേഹ നിധി

ഭാഗ്യസ്മരണാർഹനായ അഭി. പക്കോമിയോസ് തിരുമേനിയുടെ ഓർമ്മയ്ക്കായി ആരംഭിച്ച നിർധനരായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം 2017 ആഗസ്റ്റ് മാസം 27-ാം തീയതി ഞായറാഴ്ച 3 മണിക്ക് കത്തീഡ്രലിൽ നടത്തുന്നതാണ്. കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി, കൊച്ചി എന്നീ നാല് ഭദ്രാസനങ്ങളിലെ ഓർത്തഡോക്സ് ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾക്ക് ഗുണകരമായ ഈ സംരംഭം എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ഒരു പ്രധാന ജീവകാരുണ്യ പ്രവർത്തനമാണ്. ഒരു വിദ്യാർത്ഥിയുടെ സ്കോളർഷിപ്പ് തുക 15000 രൂപവരെയാണ്. ഇടവകാംഗങ്ങളുടെ ചെറുതും വലുതുമായ സംഭാവനയാണ് ഇങ്ങനെയൊരു സംരംഭത്തെ മുമ്പോട്ട് നയിക്കുന്നത്.

ഈ മഹത്തായ ഉദ്യമത്തെ എല്ലാവരും കഴിവനുസരിച്ച് സഹായിക്കണമെന്ന് താൽപര്യപ്പെടുന്നു. സംഭാവനകൾ പണമായോ, '**Snehanidhi**' യുടെ പേരിൽ ചെക്കായോ പള്ളി ഓഫീസിൽ ഏൽപ്പിക്കാൻ ശ്രദ്ധിക്കണം.

## വിശേഷ ദിവസങ്ങൾ

**ഓഗസ്റ്റ്**

15 ചൊവ്വ പതിനഞ്ചുനോമ്പ് വീടൽ,
വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ
19 ശനി ജോസഫ് മാർ പക്കോമിയോസ്
തിരുമേനിയുടെ ഓർമ്മ

**സെപ്റ്റംബർ**

01 വെള്ളി എട്ടുനോമ്പാരംഭം

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** Aug. 13 - 07.00 am, Aug. 20 - 10.00 am,
Aug. 27 - 07.00 am, Sept. 03 - 10.00 am,

**സെമിത്തേരിമുക്ക് ചാപ്പൽ:** Aug. 20 - 07.30 am, Sept. 03 - 7.30 am

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

**ഇംഗ്ലീഷ് വി. കുർബ്ബാന**

**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വൈകുന്നേരം 5.30 ന് ഇംഗ്ലീഷ് വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.**

## നിര്യാതരായി



പനമ്പിള്ളി നഗർ HB 117 SIKHA കുത്തൂർ വീട്ടിൽ ശ്രീ. കെ.സി. തമ്പിയുടെ ഭാര്യ **കെ.സി. എലിസബത്ത്** (എലിസബത്ത് ടീച്ചർ) 08.07.2017ൽ നിര്യാതയായി. 10.07.2017ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

വൈറ്റില തൈക്കൂടം മാളിയേക്കൽ ശ്രീ. **തോമസ് മാത്യു** (81) 08.07.2017ൽ നിര്യാതനായി. 10.07.2017ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*